(ബി) കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ അനുവദിച്ച കോഴ്സുകളുടെ വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. † കേരള, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

എസ്.എസ്.എൽ.സി. പേപ്പർ മൂല്യനിർണ്ണയം നടത്തുന്ന അദ്ധ്യാപകർക്കുള്ള സറണ്ടർ ആനുകൂല്യം

184 [1472] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പബ്ലിക് എക്സാമിനേഷന് പേപ്പർ മൂല്യനിർണ്ണയം നടത്തുവാനായി നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർക്ക് ലീവ് സറണ്ടർ ആനുകൂല്യം നൽകാറുണ്ടോ;

(ബി) എങ്കിൽ എത്ര ദിവസം വീതമാണ് ലീവ് സറണ്ടർ നൽകുന്നത്, ബന്ധപ്പെട്ട ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(സി) ചില ജില്ലകളിൽ 8 ദിവസവും ചില ജില്ലകളിൽ 9 ദിവസവും സറണ്ടർ ആനുകൂല്യം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജി. ഒ. (ആർ‌റ്റി) 2676/94/പൊ.വി. തീയതി 15-7-1994 പ്രകാരം 9 ദിവസം സറണ്ടർ നൽകുവാൻ ഉത്തരവുണ്ടോ; പ്രസ്തുത ജി. ഒ.-യുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂല്യനിർണ്ണയം സാധാരണയായി 16 ദിവസങ്ങളിലാണ് നടത്തുന്നത്. ഒരു ദിവസത്തെ ഡ്യൂട്ടിയ്ക്ക് ½ ദിവസം എന്ന കണക്കിൽ 8 ദിവസത്തെ സറണ്ടർ ആനുകൂല്യം ഇതിനായി നൽകുന്നുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയം, ടാബുലേഷൻ എന്നീ ജോലികൾ ചെയ്യുന്ന അദ്ധ്യാപകരുടെ പ്രസ്തുത ജോലി സമയം ഡ്യൂട്ടിയായി കണക്കാക്കിക്കൊണ്ട് 15-7-1994-ലെ ജി. ഒ. (ആർ‌റ്റി) 2676/94/പൊ.വി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഇല്ല.

(ഡി) 15-7-1994-ലെ ജി. ഒ. (ആർ‌റ്റി.) 2676/94/പൊ.വി. പ്രകാരം എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയം, ടാബുലേഷൻ എന്നീ ജോലികൾ ചെയ്യുന്ന അദ്ധ്യാപകരുടെ ആ ജോലി സമയം ഡ്യൂട്ടിയായി പരിഗണിക്കാമെന്ന് ഉത്തരവാണ് നൽകിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly